# ദീർഘ കാലമായി ഒളിവിലായിരുന്ന ക്വൊട്ടേഷൻ സംഘ തലവനും കൂട്ടാളിയും പിടിയിൽ

- കുടുക്ക രതീഷ് വധശ്രമം, കഞ്ചാവ് തുടങ്ങി മുപ്പതോളം കേസുകളിൽ പ്രതി
- അജയന്റെ പേരിൽ ബലാത്സംഘമുൾപ്പെടെ ഇരുപതോളം കേസുകൾ

---

മലപ്പുറം (20.09.2017) : വർഷങ്ങളായി ഒളിവിലായിരുന്ന നിരവധി കേസുകളിലെ പ്രതികളായ തിരുവനന്തപുരത്തെ കുപ്രസിദ്ധ ക്വൊട്ടേഷൻ സംഘ തലവനെയും കൂട്ടാളിയെയും മലപ്പുറം പോലീസ് സ്പെഷ്യൽ സ്ക്വാഡ് അറസ്റ്റ് ചെയ്തു.

ക്വൊട്ടേഷൻ സംഘ തലവനായ തിരുവനന്തപുരം നെട്ടൈകോണം സ്വദേശി പുതുവൽപുത്തൻവീട്ടിൽ രതീഷ് @ കുടുക്ക രതീഷ് (39 വയസ്സ്), സംഘാംഗം തിരുവനന്തപുരം കണിയാപുരം സ്വദേശി ചിറക്കൽ ആറ്ററികത്ത് വീട്ടിൽ അജയൻ (34 വയസ്സ്) എന്നിവരെയാണ് ഇന്ന് പുലർച്ചെ തിരുവനന്തപുരം കഠിനംകുളത്തുനിന്നും അറസ്റ്റ് ചെയ്തത്.

2002-ൽ മലപ്പുറത്തെ സർക്കാർ വിദേശ മദ്യ ഷോപ്പിലെ ജീവനക്കാരെ സ്ഫോടക വസ്തുക്കളും വടിവാളടക്കമുള്ള മാരകായുധങ്ങളുമായി ആക്രമിച്ച് പരിക്കേൽപിച്ച് ഷോപ്പിലെ കളക്ഷൻ പണവും മദ്യവും കവർച്ച ചെയ്ത കേസിൽ ജാമ്യത്തിലിറങ്ങി വർഷങ്ങളായി പോലീസിന് പിടി കൊടുക്കാതെ തിരുവനന്തപുരം തീരദേശ മേഖലയിലെ കോളനി സമാനമായ പ്രദേശത്ത് വ്യത്യസ്ഥ സ്ഥലങ്ങളിലായി ഒളിവിൽ കഴിഞ്ഞുവരികയായിരുന്നു ഇരുവരും. നിരവധി കേസുകളിലെ പ്രതികളായ ഇവർ പോലീസും എതിർസംഘത്തിൽ പെട്ടവരും അടുക്കാതിരിക്കാൻ താമസ സ്ഥലത്തിന് ചുറ്റും വിദേശ ഇനത്തിൽ പെട്ട ഒന്നിലധികം നായകളെ വിന്യസിച്ചിരുന്നു. കൂടാതെ കോളനിയിൽ അപരിചിതരാരെങ്കിലും വന്നാൽ ഉടനടി വിവരം ലഭിക്കാനും രക്ഷപ്പെടാനും പറ്റുന്ന വിധത്തിൽ വൻ നെറ്റ് വർക്കാണ് ഇവർക്കുണ്ടായിരുന്നത്. പ്രതികളെ മഞ്ചേരി ജില്ലാ സെഷൻസ് കോടതി മുമ്പാകെ ഹാജരാക്കി റിമാൻറ് ചെയ്തു.

മലപ്പുറം ജില്ലാ പോലീസ് മേധാവി ദേബേഷ് കുമാർ ബെഹറയുടെ പ്രത്യേക നിർദ്ദേശപ്രകാരം മലപ്പുറം SI ബി.എസ്. ബിനു നിയോഗിച്ച സ്പെഷ്യൽ സ്ക്വാഡ് അംഗങ്ങളായ സ്രാമ്പിക്കൽ മുഹമ്മദ് ഷാക്കിർ, എൻ.എം. അബ്ദുല്ല ബാബു, ഉണ്ണികൃഷ്ണൻ, ഷമീർ ഹുസൈൻ എന്നിവരാണ് പ്രതികളെ അറസ്റ്റ് ചെയ്തത്.